**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1531** **11-09-2023 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പാചക തൊഴിലാളികളുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ പാചക തൊഴിലാളികളുടെ തൊഴിൽ സമയം എപ്രകാരമാണ് ; വേതനം എത്രയാണ്; നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇവർക്ക് നൽകി വരുന്നത്; വിശദമാക്കാമോ; | (എ) | സ്കൂൾ ഉച്ച ഭക്ഷണകമ്മിറ്റിയോ പ്രഥമാദ്ധ്യാപകൻ/ അദ്ധ്യാപികയോ നിഷ്കർഷിക്കുന്ന സമയക്രമം അനുസരിച്ചാണ് പാചക തൊഴിലാളികൾ അവരിൽ നിക്ഷിപ്തമായ ചുമതലകൾ നിർവഹിക്കുന്നത്. സ്കൂൾ ഉച്ച ഭക്ഷണ പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ കേന്ദ്ര സർക്കാർ സ്കൂൾ ഉച്ച ഭക്ഷണ പാചകതൊഴിലാളികൾക്ക് 600/-രൂപ കേന്ദ്ര വിഹിതവും 400/- രൂപ സംസ്ഥാന വിഹിതവും എന്ന അനുപാതത്തിൽ ആകെ 1000/- രൂപയാണ് പ്രതിമാസ ഓണറേറിയമായി അനുവദിച്ചിട്ടുള്ളത്. എന്നാൽ കേരളത്തിൽ സംസ്ഥാന സർക്കാരിന്റെ അധിക വിഹിതം കൂടി ഉൾപ്പെടുത്തി പ്രതിദിനം 600 മുതൽ 675 രൂപ വരെ ഓണറേറിയമായി സ്കൂൾ ഉച്ച ഭക്ഷണ പാചക തൊഴിലാളികൾക്ക് നൽകുന്നുണ്ട്. നിലവിൽ മറ്റ് ആനുകൂല്യങ്ങൾ ഒന്നും ഇവർക്ക് നൽകുന്നില്ല. |
| (ബി) | പ്രസ്തുത ജീവനക്കാർക്ക് യഥാസമയം ശമ്പളം നൽകാൻ കഴിയാറില്ല എന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ എത്ര മാസത്തെ കുടിശികയുണ്ട്; യഥാസമയം ശമ്പളം വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി അനുവദിക്കുന്ന 60:40 അനുപാതത്തിലുള്ള കേന്ദ്ര-സംസ്ഥാന വിഹിതവും പാചക തൊഴിലാളികൾക്ക് സംസ്ഥാനം നൽകുന്ന അധിക വിഹിതവും ഉൾപ്പടെയുള്ള തുക പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ പദ്ധതി നടത്തിപ്പിനുള്ള എസ്.എൻ.എ അക്കൗണ്ടിലേക്ക് ലഭ്യമാക്കിയ ശേഷം പബ്ലിക് ഫിനാൻസ് മാനേജ്മെന്റ് സിസ്റ്റം (പി.എഫ്.എം.എസ്) വഴിയാണ് പദ്ധതി നടത്തിപ്പിനുള്ള പല തലങ്ങളിലേക്ക് വിതരണം ചെയ്യുന്നത്. കേന്ദ്ര-സംസ്ഥാന വിഹിതവും സംസ്ഥാന അധിക വിഹിതവും എസ്.എൻ.എ അക്കൗണ്ടിലേക്ക് സമയ ബന്ധിതമായി ലഭിക്കുന്നതിന് കാല താമസം ഉണ്ടാകുമ്പോഴാണ് പാചക തൊഴിലാളികളുടെ ഓണറേറിയം യഥാസമയം നൽകാൻ കഴിയാതെ വരുന്നത്. ഫണ്ട് ലഭ്യമായിട്ടുള്ള മാസങ്ങളിലെല്ലാം ആദ്യ ദിനങ്ങളിൽ തന്നെ പാചക തൊഴിലാളികളുടെ വേതനം നൽകാൻ |

| | | | |
|---|---|---|---|
| | | | വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ 2023 ജൂൺ, ജൂലായ് മാസത്തെ ഓണറേറിയം പാചക തൊഴിലാളികൾക്ക് കുടിശ്ശികയുണ്ട്. ആയതു വിതരണം നടത്താനുള്ള നടപടികൾ പൂർത്തിയായിവരുന്നു. |
| (സി) | വിരമിക്കുന്ന പാചക തൊഴിലാളികൾക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; നിശ്ചിത കാലം ജോലി ചെയ്ത തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യം നൽകുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ? | (സി) | പാചക തൊഴിലാളികളുടെ വേതനം ഓണറേറിയമായാണ് നൽകിവരുന്നത്. ഇവർക്ക് വിരമിക്കൽ പ്രായം നിശ്ചയിച്ചിട്ടില്ല. സേവനം മതിയാക്കുകയോ, എന്തെങ്കിലും വ്യക്തമായ കാരണങ്ങൾ ചൂണ്ടിക്കാട്ടി ഉച്ച ഭക്ഷണ പദ്ധതിയുടെ നടത്തിപ്പിനായി എല്ലാ സ്കൂൾ അദ്ധ്യായന വർഷാരംഭത്തിലും പുറപ്പെടുവിക്കുന്ന പൊതുവായ മാർഗ നിർദ്ദേശങ്ങൾ ഉൾപ്പെടുന്ന സർക്കുലറിലെ മാനദണ്ഡങ്ങൾ പാലിച്ച് സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റി ജോലിയിൽനിന്ന് പിരിച്ച് വിടുകയോ ചെയ്യുന്ന പാചക തൊഴിലാളികൾക്ക് മറ്റ് പ്രത്യേക ആനുകൂല്യങ്ങൾ ഒന്നും തന്നെ നിലവിൽ അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ